Deivarajyam April 2014
Registered No. KL/ALY/0020/2014-2016 ● R.N. 7623/1963
Date of publication: 1 April 2014
● Posted at Thodupuzha Stg.
Annual Subscription Rs. 75.00




Printed at Sanjo Offset Press, Kothamangalam
Editor, Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691




# ദൈവരാജ്യം

## കോതമംഗലം രൂപതാ ബുള്ളറ്റിൻ

വാല്യം 53
ഏപ്രിൽ 2014
ലക്കം 4





നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന
മോൺ. ജോർജ് ഒലിയപ്പുറം അച്ചന്
രൂപതാകുടുംബത്തിന്റെ
**തിരുനാൾ മംഗളങ്ങൾ!!!**



# ദൈവരാജ്യം

OFFICIAL ORGAN OF THE EPARCHY OF KOTHAMANGALAM

Vol. LIII | No. 4 | April 2014


## രൂപതക്കച്ചേരി

### *C. 23/2014* ഏപ്രിൽ 6, പൊതുതിരഞ്ഞെടുപ്പിനായുള്ള പ്രത്യേക പ്രാർത്ഥനാദിനം

2014 ഏപ്രിൽ 10 ലോക്സഭാ തിരഞ്ഞെടുപ്പ് നടക്കുന്ന ദിവസമാണല്ലോ. ജനാധിപത്യ രീതിയിൽ തിരഞ്ഞെടുപ്പ് നടത്തുന്ന രാജ്യങ്ങളിൽ പ്രമുഖ സ്ഥാനമാണല്ലോ ഇന്ത്യയ്ക്കുള്ളത്. അടുത്ത അഞ്ചു വർഷത്തേക്ക് രാജ്യത്തിന്റെ ഭാഗധേയം നിയന്ത്രിക്കുന്നത് ആരായിരിക്കണം എന്നത് സംബന്ധിച്ച് ജനങ്ങളെടുക്കുന്ന സുപ്രധാനമായ തീരുമാനമാണത്. ഈ തിരഞ്ഞെടുപ്പ് സമാധാനപരമായ അന്തരീക്ഷത്തിൽ നടക്കേണ്ടതുണ്ട്. പൊതുജീവിതത്തിൽ ധാർമ്മികമൂല്യങ്ങൾക്കും സത്യത്തിനും വേണ്ടി നിലകൊള്ളുന്ന ഏറ്റവും സമുചിതരായ വ്യക്തികളാണ് തിരഞ്ഞെടുക്കപ്പെടേണ്ടത്. അവർ രാജ്യത്തിന്റെ ജനാധിപത്യ സ്വഭാവവും മതേതരത്വവും നിലനിർത്തുന്നവരും നിസ്വാർത്ഥമതികളുമായിരിക്കണം. ഈ നിയോഗങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതിന് ഏപ്രിൽ 6-ാം തീയതി പ്രത്യേക പ്രാർത്ഥനാദിനമായി ആചരിക്കുവാൻ കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ (CBCI) ആഹ്വാനം ചെയ്തിരിക്കുകയാണ്. അന്നേദിവസം എല്ലാ പള്ളികളിലും മഠങ്ങളിലും മറ്റ് ആരാധനാലയങ്ങളിലും ഈ നിയോഗങ്ങൾക്കായി ദിവ്യബലിമദ്ധ്യേ പ്രത്യേകം പ്രാർത്ഥിക്കുകയും സാധിക്കുന്നിടത്തെല്ലാം



ഒരു മണിക്കൂറെങ്കിലും ദിവ്യകാരുണ്യ ആരാധന നടത്തുകയും ചെയ്യേണ്ടതാണ്. വോട്ടവകാശം സമുചിതമായ രീതിയിൽ ഉപയോഗിച്ച് ദൈവം ആഗ്രഹിക്കുന്ന വ്യക്തികളെ തിരഞ്ഞെടുക്കുവാൻ പരിശുദ്ധാത്മാവ് നിങ്ങളുടെ ഹൃദയങ്ങളെ പ്രചോദിപ്പിക്കുകയും മനസ്സുകളെ പ്രകാശിപ്പിക്കുകയും ചെയ്യട്ടെ.

*Bishop*

### *C. 24/2014* ഇടവക ദിനം

കഴിഞ്ഞ കുറെ വർഷങ്ങളായി നമ്മുടെ രൂപതയിൽ മെയ്മാസം ഒന്നാംതീയതി ഇടവകദിനമായി ആചരിക്കുകയാണല്ലോ. ഇടവക നവീകരണത്തിന് സഹായകരവും ഇടവക ഒരു കുടുംബമാണെന്ന ചിന്ത കൂടുതൽ ശക്തിപ്പെടുവാനുതകുന്നതുമായ പരിപാടികൾ ആസൂത്രണം ചെയ്യുവാൻ ബ. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. കുടുംബങ്ങൾ തമ്മിലുള്ള യോജിപ്പും ജനങ്ങളും ഇടയനും തമ്മിലുള്ള ഐക്യവും വളർത്തിയെടുക്കാൻ ഈ ദിനം പ്രത്യേകം പ്രയോജനപ്പെടുത്തണം.

*Bishop*

### *C. 25/2014* ദുഃഖവെള്ളിയാഴ്ച പിരിവ്

ദുഃഖവെള്ളിയാഴ്ചത്തെ നേർച്ചപ്പിരിവ് ഈ വർഷവും പരിശുദ്ധ പിതാവിന്റെ ആഹ്വാനമനുസരിച്ച് വിശുദ്ധ നാടുകളുടെ സംരക്ഷണത്തിനായി പ്രത്യേകം നടത്തുകയും രൂപതക്കച്ചേരിയിൽ ഏല്പിക്കുകയും വേണം.

*Protosyncellus*

### *C. 26/2014* വി. മൂറോൻ

പെസഹാവ്യാഴാഴ്ച അഭിവന്ദ്യ മെത്രാൻ വെഞ്ചരിക്കുന്ന വി. മൂറോൻ പുതുഞായറാഴ്ചയ്ക്കകം പള്ളികളിൽ കൊണ്ടുപോയി പൂജ്യമായി സൂക്ഷിക്കേണ്ടതാണെന്നുള്ള വിവരം ഓർമ്മിപ്പിക്കുന്നു. മാമ്മോദീസായ്ക്കുള്ള തൈലവും ജലവും വെഞ്ചരിക്കുന്നതിനും തൈലാഭിഷേകത്തിനും വി. മൂറോൻ ഉപയോഗിക്കണമല്ലോ.

*Protosyncellus*

### *C. 27/2014* **മ്ശംശാന, ഹെവ്പ്പദ്യാക്കോന, കാറോയൂസ സ്വീകരണം**

നമ്മുടെ രൂപതയ്ക്കുവേണ്ടി വൈദിക പരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന വെളിയേൽച്ചാൽ ഇടവക അവരാപ്പാട്ട് പോൾ, കരിമണ്ണൂർ ഇടവക കിഴക്കേടത്ത് മാത്യു, മുതലക്കോടം ഇടവക കൊച്ചുപറമ്പിൽ ജോർജ്, പെരുമ്പല്ലൂർ ഇടവക കോടമുള്ളിൽ സിറിയക്, അഞ്ചിരി ഇടവക കൂനാനിക്കൽ ജോസഫ്, കരിമണ്ണൂർ ഇടവക മലേപ്പറമ്പിൽ ജോർജ്, കത്തീഡ്രൽ ഇടവക മാളിയേക്കൽ ആന്റണി, പോത്താനിക്കാട് ഇടവക മാറാപ്പിള്ളിൽ വർഗീസ്, വാഴക്കുളം ഇടവക നെടുംതടത്തിൽ പൗലോസ്, പൊന്നന്താനം ഇടവക പുളിക്കൽ ജോസഫ്, ഊന്നുകൽ ഇടവക റാത്തപ്പിള്ളിൽ ജേക്കബ് എന്നിവർ മ്ശംശാന പട്ടവും, ഞാറക്കാട് ഇടവക ചിരപ്പറമ്പിൽ ജോസ്, പൈങ്ങോട്ടൂർ ഇടവക കപ്യാരുമലയിൽ ജോസഫ്, കദളിക്കാട് ഇടവക മാതാളികുന്നേൽ ജോസഫ്, ചെപ്പുകുളം ഇടവക വടക്കൻ ജോൺ, അഞ്ചിരി ഇടവക വിലങ്ങുപാറയിൽ തോമസ്, ഞാറക്കാട് ഇടവക തൂമുള്ളിൽ മാത്യു, നെയ്യശ്ശേരി ഇടവകാംഗങ്ങളായ താന്നിക്കൽ ജോസഫ്, മുണ്ടയ്ക്കൽ ഇമ്മാനുവൽ, തൊടുപുഴ ഇടവക കളത്തൂർ പോൾ, മലയിഞ്ചി ഇടവക കണ്ണമ്പിള്ളിൽ കുര്യാക്കോസ്, തോട്ടക്കര ഇടവക പോത്തനാമുഴി സെബാസ്റ്റ്യൻ എന്നിവർ ഹെവ്പ്പദ്യാക്കോന പട്ടവും, കലയന്താനി ഇടവക കല്ലിടുക്കിൽ സക്കറിയാസ്, നെല്ലിമറ്റം ഇടവക കൊന്തേമ്പിള്ളിൽ സെബാസ്റ്റ്യൻ, കൊടുവേലി ഇടവക മുണ്ടയ്ക്കൽ മാത്യു, കത്തീഡ്രൽ ഇടവക ഞാലിപ്പറമ്പിൽ ആന്റണി, കരിമണ്ണൂർ ഇടവക പാലക്കാട്ട് ജോൺ, മുടവൂർ ഇടവക പാറയ്ക്കൽ എബ്രാഹം, നെല്ലിമറ്റം ഇടവക പാറമേൽ വർഗീസ്, മൈലക്കൊമ്പ് ഇടവക പീച്ചാനിക്കുന്നേൽ ജോർജ്, നെയ്യശ്ശേരി ഇടവക പുത്തൻകുളത്തിൽ മാത്യു, ചീനിക്കുഴി ഇടവക തുമ്പമറ്റത്തിൽ സെബാസ്റ്റ്യൻ എന്നിവർ കാറോയൂസ പട്ടവും 2014 മെയ് 6-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.30-ന് കോതമംഗലം കത്തീഡ്രലിൽ വച്ച് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിൽനിന്നും സ്വീകരിക്കുന്നു. ഇവർക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

*Protosyncellus*

### *C. 28 /2014* **Monthly Recollection for Priests**
### ***Topic for discussion in April***

Read in common Nos.386-395 of the *Catechism of the Catholic Church*.

*Protosyncellus*



### *C. 29/2014* **നാമഹേതുക തിരുനാൾ**

വി. ഗീവർഗീസിന്റെ നാമധാരികളായ അഭിവന്ദ്യ പിതാക്കന്മാരുടെ തിരുനാൾ ഏപ്രിൽ 24-ാം തീയതിയാണല്ലോ. പ്രസ്തുത തിരുനാളിനോടനുബന്ധിച്ചാണല്ലോ നാം രൂപതാദിനം ആഘോഷിക്കുന്നത്. ഈ വർഷം ഈ ദിനാഘോഷം ഏപ്രിൽ മാസം 22-ാം തീയതി ചൊവ്വാഴ്ച മൂവാറ്റുപുഴ NESTT-ൽ വച്ച് നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. അഭിവന്ദ്യ പിതാക്കന്മാർക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കുകയും നാമഹേതുക തിരുനാളിന്റെ മംഗളങ്ങൾ നേരുകയും ചെയ്യാം.

*Protosyncellus*

### *C. 30/2014* **തിരട്ട് തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ടത്**

രൂപതാകച്ചേരിയിൽ ആണ്ടുതിരട്ടിനോടൊപ്പം ഏല്പിക്കേണ്ടതായ ഫീസ് തുടങ്ങിയ ഇനങ്ങൾ മാർച്ച് 31 പ്രകാരം ഇനം തിരിച്ച് ചെലവെഴുതുകയും, ടി ഇനം തുകകൾ അതേ പേരിൽ തന്നെ കണക്കിൽ വരവു ചേർത്ത് മാർച്ച് മാസകണക്ക് ക്ലോസ് ചെയ്യുകയും തുടർന്നുള്ള വർഷത്തിൽ തിരട്ട് ഹാജരാക്കി പണം അടയ്ക്കുന്ന മുറയ്ക്ക് മാത്രം പള്ളിക്കണക്കിൽ ടി ഇനങ്ങളുടെ ചെലവ് വീണ്ടും എഴുതുകയും ചെയ്യേണ്ടതാണ്.

*Procurator*

### *Pr. C 2/2014* **Meeting of the Presbyteral Council**

An ordinary meeting of the Presbyteral Council will be held at the Bishop's House Kothamangalam on Tuesday, April 29 from 10.00 a.m. to 4.00 p.m. The members are cordially invited. Topics to be included in the agenda may be sent to the secretary before April 20, 2014.

*Secretary*

### *PC. 2/2014* **Meeting of the Pastoral Council**

An ordinary meeting of the Pastoral Council will be conducted on 3 Saturday, May 2014 at the Bishop's House Kothamangalam. The meeting starts at 10.00 am and comes to an end by 4.00 pm. Members

are cordially invited. Topics to be included in the agenda may be sent to the secretary before April 24, 2014.

*Secretary*

*EA. 1/2014* **എപ്പാർക്കിയൽ അസംബ്ലി**

രൂപതയെ സംബന്ധിച്ച് അടുത്ത പത്തുവർഷത്തേക്കുള്ള പദ്ധതി തയ്യാറാക്കുന്നതിനായി 2013 ഡിസംബർ 17-ന് നടന്ന പ്രസ്ബിറ്ററൽ കൗൺസിലിന്റെയും 2013 ഡിസംബർ 21-ന് നടന്ന പാസ്റ്ററൽ കൗൺസിലിന്റെയും നിർദ്ദേശപ്രകാരം 2015 ജൂലൈ മാസത്തിൽ ഒരു എപ്പാർക്കിയൽ അസംബ്ളി നടത്തുന്നതിന് തീരുമാനിച്ചു.

*EA. 2/2014* **എപ്പാർക്കിയൽ അസംബ്ലി**
**കോ-ഓർഡിനേഷൻ കമ്മിറ്റി**

2015 ജൂലൈ മാസത്തിൽ എപ്പാർക്കിയൽ അസംബ്ലി നടത്തുന്നതിനുവേണ്ട ഒരുക്കങ്ങൾ ചെയ്യാൻ താഴെ പേരുപറയുന്ന ഒരു കമ്മിറ്റിയെ 2013 ഡിസംബർ 21-ന് നടന്ന പാസ്റ്ററൽ കൗൺസിൽ തിരഞ്ഞെടുത്തു.

1 റവ. ഡോ. പോൾ പാറത്താഴം
2 റവ. ഡോ. ജോർജ് തെക്കേക്കര
3 അഡ്വ. റൈജു വർഗീസ്
4 അഡ്വ. തോമസ് മാത്യു

രൂപതയിലെ കൂരിയയോട് ചേർന്നായിരിക്കും ഈ കമ്മിറ്റി പ്രവർത്തിക്കുന്നത്.

*EA. 3/2014* **സയന്റിഫിക് സർവേകമ്മിറ്റി**

എപ്പാർക്കിയൽ അസംബ്ലിക്ക് ഒരുക്കമായി ഒരു സർവേ നടത്തുന്നതിനായി താഴെ പറയുന്നവരടങ്ങിയ ഒരു കമ്മറ്റിയെ നിയോഗിച്ചു.

1 റവ. ഡോ. സ്റ്റനിസ്ലാവൂസ് കുന്നേൽ
2 റവ. ഡോ. ജോസഫ് കൊച്ചുപറമ്പിൽ
3 റവ. ഡോ. സ്റ്റാൻലി പുൽപ്രയിൽ
4 റവ. സി. തെരേസ് നടുപ്പടവിൽ SABS
5 റവ. സി. നവ്യമരിയ CMC



6 റവ. സി. റാണി FCC
7 ശ്രീമതി മേഴ്സി ഷാജി കുമ്മിണിയിൽ
8 ശ്രീ. കെ. സി. ജോർജ് കല്ലത്ത്
9 ശ്രീ. ജോർജ് കേളകം

*EA. 4/2014* **വൈദികരുടെ മീറ്റിംഗ്**

എപ്പാർക്കിയൽ അസംബ്ലിക്ക് ഒരുക്കമായുള്ള സർവ്വേ നടത്തുന്നതു സംബന്ധിച്ച് രൂപതയിലെ വൈദികർ 2013 മാർച്ച് 25-ന് നെസ്റ്റിൽ ഒരുമിച്ചുകൂടി ചർച്ച ചെയ്തു.

*EA. 5/2014* **എപ്പാർക്കിയൽ അസംബ്ലി ജൂലൈ 2015,**
**സയന്റിഫിക് സർവേ**

2015 ജൂലൈ മാസത്തിൽ നടത്തുന്ന എപ്പാർക്കിയൽ അസംബ്ലിക്ക് ഒരുക്കമായുള്ള സയന്റിഫിക് സർവേയെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി തിരഞ്ഞെടുക്കപ്പെടുന്ന അല്മായരുടെയും സമർപ്പിതരുടെയും മീറ്റിംഗ് മൂവാറ്റുപുഴ നിർമ്മല കോളേജിൽ വച്ച് നടത്തുന്നു.

**1. അല്മായരുടെ മീറ്റിംഗ്**

എല്ലാ ഇടവകകളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന അല്മായരുടെ മീറ്റിംഗ് 2014 ഏപ്രിൽ 26 ശനിയാഴ്ച രാവിലെ 10.00 മുതൽ വൈകിട്ട് 4.00 വരെ മൂവാറ്റുപുഴ നിർമ്മല കോളേജിൽ വച്ച് നടത്തുന്നതാണ്. പാരീഷ് കൗൺസിലിൽ ചർച്ച ചെയ്ത് വിവിധ തലങ്ങളിൽ നിന്നുമാണ് പ്രതിനിധികളെ തിരഞ്ഞെടുക്കേണ്ടത്. ഇടവകയിലെ വീടുകളുടെ എണ്ണമനുസരിച്ച് താഴെപറയുന്ന അനുപാതം പ്രതിനിധികളുടെ എണ്ണത്തിൽ പാലിക്കപ്പെടേണ്ടതാണ്. 500-ന് മുകളിൽ വീടുകൾ-3, 500 -നും 250 നും ഇടയിൽ-2, 250 -ൽ താഴെ -1 ബഹു. വികാരിയച്ചന്മാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**2. സമർപ്പിതരുടെ മീറ്റിംഗ്**

വിവിധ കോൺഗ്രിഗേഷനുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന സമർപ്പിതരുടെ മീറ്റിംഗ് 2014 മെയ് 5 തിങ്കളാഴ്ച രാവിലെ 10.00 മുതൽ വൈകിട്ട് 4.00 വരെ മൂവാറ്റുപുഴ നിർമ്മല കോളേജിൽ വച്ച് നടത്തുന്നതാണ്. വിവിധ മേഖലകളിൽ ജോലിചെയ്യുന്ന സിസ്റ്റേഴ്സിനെ

തിരഞ്ഞെടുത്ത് വിടുവാൻ ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സ് പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഓരോ കോൺഗ്രിഗേഷനിൽ നിന്നും തിരഞ്ഞെടുക്കേണ്ട പ്രതിനിധികളുടെ എണ്ണം എത്രയെന്ന് പിന്നീട് അറിയിക്കുന്നതാണ്.

*Bishop*

### *SS. 13 /2014* 'ആശാകിരണം' കാൻസർ നിർമ്മാർജന യജ്ഞം

ലോക രക്ഷകനായ ക്രിസ്തുവിന്റെ മഹാത്യാഗത്തിന്റെയും അനുരഞ്ജനത്തിന്റെയും ഓർമ്മ പുതുക്കുന്ന നോമ്പുകാലം ഒരിക്കൽ കൂടി ആഗതമായിരിക്കുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ എന്ന ക്രിസ്തുവചനം ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ ഈ നോമ്പുകാലത്ത് നമുക്ക് പരിശ്രമിക്കാം.

എല്ലാ നോമ്പു കാലത്തും നോമ്പുകാല സംഭാവനകൾ നമ്മൾ ശേഖരിക്കാറുണ്ടല്ലോ. അത് നിർദ്ധനരായ വ്യക്തികൾക്ക് സഹായമായി നൽകി വരുന്നു. എന്നാൽ ഈ വർഷം നമ്മുടെ സംഭാവന കാൻസർ രോഗപരിചരണത്തിനായി ഉദ്ദേശിക്കുകയാണ്. CBCI യുടേയും KCBC-യുടേയും നിർദ്ദേശാനുസരണം അഭിവന്ദ്യ പിതാക്കൻമാരുടെ മേൽ നോട്ടത്തിൽ, കാരിത്താസ് ഇന്ത്യ വഴി എറണാകുളം ജില്ലയിൽ 6 രൂപതകളിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ആശാകിരണം കാൻസർ കെയർ പ്രോഗ്രാം. ഈ നോമ്പുകാലത്ത് ലഭിക്കുന്ന മുഴുവൻ സംഭാവനയും ഈ പദ്ധതി വഴി നമ്മുടെ രൂപതയിൽ തന്നെ ചെലവഴിക്കുന്നതാണ്. നമ്മുടെ രൂപതയിൽ ധാരാളം കാൻസർ രോഗികൾ ഉണ്ട്. രോഗം പിടിപ്പെട്ടാൽ ഉണ്ടാകുന്ന സാമ്പത്തികഭാരം ഊഹിക്കാവുന്നതിലും അപ്പുറമാണ്. അതിനാൽ രോഗത്തെ നേരത്തേ തിരിച്ചറിഞ്ഞ് ചികൽസ ലഭ്യമാക്കാൻ ഉതകുന്ന വിവിധ കർമ്മ പദ്ധതികൾ ഈ പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സഭയിലെ മുഴുവൻ അംഗങ്ങളുടേയും പങ്കാളിത്തം ഈ പ്രോഗ്രാമിന് ഉണ്ടാകണമെന്ന് രൂപത ആഗ്രഹിക്കുന്നു. നമ്മുടെ ത്യാഗത്തിന്റെയും സഹനത്തിന്റെയും കൊച്ചു സമ്പാദ്യം ഒരാളുടെ ജീവിതത്തിന് തണലേകുമെങ്കിൽ അതു വഴി നമ്മുടെ സ്വർഗീയ നിക്ഷേപം വർദ്ധിക്കും. അതിനാൽ അച്ചന്റെ ഇടവകയിൽ **ഓശാന ഞായറാഴ്ചത്തെ സ്തോത്ര കാഴ്ച** നോമ്പുകാല സംഭാവനയായി ശേഖരിയ്ക്കുവാൻ താൽപര്യപ്പെടുന്നു. **ഏപ്രിൽ 14 -ന് രാവിലെ 10 മുതൽ 2 വരെയുള്ള സമയത്ത് ഇടവകകളിൽ ശേഖരിക്കുന്ന സംഭാവനകൾ സ്വീകരിക്കുന്നതിന് രൂപത പ്രതിനിധി അതാത് ഫൊറോനകളിൽ ഉണ്ടായിരിക്കുന്നതാണ്.** ഇവരുടെ പക്കൽ നോമ്പുകാല സംഭാവന ഏൽപിക്കുകയും രസീതു കൈപ്പറ്റുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.



നോമ്പുകാല സംഭാവനയുടെ പ്രത്യേക ഉദ്ദേശ്യവും ലക്ഷ്യവും ഓശാനയുടെ തലേ ഞായറാഴ്ച പള്ളിയിൽ അറിയിച്ച് ഓശാന ഞായറാഴ്ചത്തെ സംഭാവന ശേഖരിക്കുമല്ലോ. ആശാകിരണം കാൻസർ കെയർ പ്രോഗ്രാമിന്റെ കൂടുതൽ വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്. എല്ലാവരുടേയും സഹകരണം പ്രതീക്ഷിച്ചുകൊണ്ടും ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ പ്രാർത്ഥനാപൂർവം നേരുന്നു.

*Director KSSS*

## മൈനർ സെമിനാരി

### *MS 10 /2014* Angels' Meet

മൈനർ സെമിനാരി വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നടത്തുന്ന ഏയ്ഞ്ചൽസ് മീറ്റ് ധ്യാനം ചുവടെ ചേർത്തിരിക്കുന്ന ഇടവകകളിൽ നടത്തപ്പെടുന്നു.

ബെത്ലേഹം, പെരുമണ്ണൂർ, കത്തീഡ്രൽ, കോടിക്കുളം, കല്ലാനിക്കൽ, ഞാറക്കാട്, അരിക്കുഴ, രാജഗിരി- വെള്ളള്ള്, മാലിപ്പാറ, ഞായപ്പിള്ളി, ചെപ്പുകുളം, കാളിയാർ, മാറിക, പരീക്കണ്ണി, ഊന്നുകൽ, പൂയംകുട്ടി, കലയന്താനി, കാരക്കുന്നം.

### *MS 11 /2014* മധ്യവേനൽ അവധിക്കാലധ്യാനം

മേജർ സെമിനാരി വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന മധ്യവേനൽ അവധിക്കാല ധ്യാനം താഴെപ്പറഞ്ഞിരിക്കുന്ന ഇടവകകളിൽ നടത്തപ്പെടുന്നു.

ചീനിക്കുഴി, പോത്താനിക്കാട്, ബെത്‌ലേഹം, ഞായപ്പിള്ളി, നെല്ലിമറ്റം, കാളിയാർ, ഉരുളൻതണ്ണി, കാരക്കുന്നം, പരീക്കണ്ണി, കോടിക്കുളം, കുണിഞ്ഞി, പെരുമണ്ണൂർ, ഊന്നുകൽ, ആയവന, കാവക്കാട്, പൂയംകുട്ടി, കല്ലാനിക്കൽ, തലയനാട്, കദളിക്കാട്, അരിക്കുഴ, ഞാറക്കാട്, മാറാടി, ചെപ്പുകുളം, ആരക്കുഴ, മാലിപ്പാറ, കല്ലേലിമേട്

*MS 12 /2014* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | |
|---|---|---|
| 1 | Rev. Fr. Joseph Nambiaparambil | 50,000 |
| 2 | T. J. Joseph Pulliaparambil, Nirmala Matha Muvattupuzha | 5000 |
| 3 | One Benefactor, Vazhakulam | 10,000 |
| 4 | George David Oliappuram, Mathirappilly | 18,000 |

*Rector*

## വിജ്ഞാനഭവൻ

*V. 23/2014* **രണ്ടാം സെമസ്റ്റർ പരീക്ഷ –ഏപ്രിൽ 6 ഞായർ**

**Std - I - IX - 11.00 am - 1.00 pm**
**Std - X, XI, XII - 2.00 pm - 4.00 pm**

1. ചോദ്യപേപ്പറുകൾ ഏപ്രിൽ 5-ാം തീയതി മേഖലാ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നതാണ്.
2. പഴയ രജിസ്റ്റർ നമ്പർ തന്നെയാണ് കുട്ടികൾക്ക് പറഞ്ഞ് കൊടുക്കേണ്ടത്.
3. പരീക്ഷാ സമയം കൃത്യമായി പാലിക്കേണ്ടതാണ്.
4. X, XII ക്ലാസ്സുകളിലെ മൂല്യനിർണ്ണയം നടത്തിയ പരീക്ഷാ പേപ്പറും, മാർക്ക് ലിസ്റ്റും, ഇന്റേണൽ അസ്സെസ്മെന്റ് മാർക്കും (വിജ്ഞാനഭവനിൽനിന്നും തന്നിരിക്കുന്ന ഫോമിലും, ബി. ഫോമിലും എഴുതണം) വിജ്ഞാനഭവൻ ഓഫീസിൽ ഏപ്രിൽ 22-ാം തീയതിക്ക് മുമ്പായി എത്തിക്കണം. **(മേഖലാ കേന്ദ്രങ്ങളിൽ ഏല്പിക്കുന്നവർ ഏപ്രിൽ 22-ാം തീയതി മാത്രമേ എത്തിക്കാവൂ.)**
5. മെയ് 3-ാം തീയതി റിസൽട്ട് പ്രഖ്യാപനം.
6. സർട്ടിഫിക്കറ്റ് ബുക്ക് വിതരണം മെയ് 3 മുതൽ മെയ് 15 വരെ.

NB: ഒന്ന്, രണ്ട് ക്ലാസ്സുകളിൽ ചോദ്യപരീക്ഷ ആയിരിക്കും.



*V. 24/2014* **SAY EXAM**

**രജിസ്ട്രേഷൻ : 2014 മെയ് 3 മുതൽ 10 വരെ.**

**പരീക്ഷ : മെയ് 17 ശനി**
സമയം : 11.00 am – 1.00 pm
**റിസൽട്ട് : മെയ് 31 ശനി**

- അതാത് ഇടവകകളിൽ തന്നെയാണ് SAY Exam നടത്തേണ്ടത്.
- ചോദ്യപേപ്പറുകൾ മെയ് 16 വെള്ളിയാഴ്ച മേഖലാ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നതാണ്.
- മൂല്യനിർണ്ണയം നടത്തിയ പരീക്ഷാ പേപ്പറുകൾ മെയ് 25-ന് മുമ്പ് രൂപത കേന്ദ്രത്തിൽ എത്തിക്കണം.
- രണ്ടാം സെമസ്റ്ററിൽ തോറ്റവരെ ഉദ്ദേശിച്ചു മാത്രമാണ് മെയ് 17-ന് SAY Exam നടത്തുന്നത്.

*V. 25/2014* **സ്കോളർഷിപ്പ് പരീക്ഷ**

**തീയതി : ഏപ്രിൽ 8 ചൊവ്വ**
**സമയം : 10.30 - 12.30**

4, 7, 10 ക്ലാസ്സുകളിലെ കുട്ടികൾക്കായി ഒരുക്കുന്ന സ്കോളർഷിപ്പ് പരീക്ഷയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**പരീക്ഷാകേന്ദ്രങ്ങൾ**

| | | |
|---|---|---|
| Kothamangalam | - | St. Augustine's GHS |
| Muvattupuzha | - | St. Augustine's GHS |
| Vazhakulam | - | Little Theresa's GHS |
| Thodupuzha | - | St. Sebastian's UPS |
| Muthalakodam | - | St. George's HS |
| Karimannoor | - | Holy Family UPS |
| Paingottoor | - | St. Joseph's HSS |

**പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:**

**1 എ, ബി ഫോമുകളിൽ 80% മാർക്കിൽ താഴെയുള്ളവരുടെ**

**പേരുകൾ ശ്രദ്ധയിൽപ്പെട്ടു. അവരെ പരീക്ഷയ്ക്ക് പറഞ്ഞ യയ്ക്കേണ്ടതില്ല.**

2 കുട്ടികളുടെ രജിസ്റ്റർ നമ്പർ എഴുതിയ ബി. ഫോം രണ്ടാം സെമസ്റ്റർ പരീക്ഷയുടെ ചോദ്യപേപ്പറിനോടൊപ്പം ഇടവകകളിലേക്ക് തരുന്നതാണ്. പരീക്ഷയ്ക്ക് വരുന്ന കുട്ടികളുടെ കൈവശം ബി ഫോം കൊടുത്തുവിടേണ്ടതാണ്.

3 എ ഫോമിലും ബി ഫോമിലും പേരില്ലാത്ത കുട്ടികളെ പരീക്ഷയിൽ പങ്കെടുപ്പിക്കാൻ പാടുള്ളതല്ല.

*V. 26/2014* **കാറ്റകെറ്റിക്കൽ കമ്മിറ്റി : ഏപ്രിൽ 28 തിങ്കൾ**

2013-2014 അദ്ധ്യയനവർഷത്തിലെ കാറ്റക്കെറ്റിക്കൽ കമ്മിറ്റിയുടെ യോഗം, 2014 ഏപ്രിൽ 10-ന് കൂടുന്ന വിവരം മാർച്ചു മാസത്തിലെ ദൈവരാജ്യത്തിലൂടെ അറിയിച്ചിരുന്നു. എന്നാൽ, അന്നേദിവസം പാർലമെന്റിലേക്കുള്ള തിരഞ്ഞെടുപ്പ് നടക്കുന്നതിനാൽ, അസൗകര്യത്തെ മുൻനിറുത്തി പ്രസ്തുത യോഗം **ഏപ്രിൽ മാസം 28-ാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 2.30 -ന്** നടത്തുന്നതിന് മാറ്റി നിശ്ചയിച്ചിരിക്കുന്നു. അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ ബിഷപ്സ് ഹൗസിൽ വച്ചാണ് യോഗം നടക്കുന്നത്. എല്ലാ അംഗങ്ങളും പങ്കെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്. **കത്ത് കിട്ടാത്തവർ ഇതൊരറിയിപ്പായി കണക്കാക്കുമല്ലോ.**

*V. 27/2014* **കോൺടാക്റ്റ് ക്ലാസ് - ധ്യാനം**

11, 12 ക്ലാസിൽ പ്രൈവറ്റായി രജിസ്റ്റർ ചെയ്ത കുട്ടികൾ കോൺടാക്റ്റ് ക്ലാസ്സിൽ പങ്കെടുക്കാത്തവർ ഉണ്ടെങ്കിൽ ഏപ്രിൽ 9 മുതൽ 12 വരെ മൂവാറ്റുപുഴ നെസ്റ്റിൽ (NESTT) വച്ചു നടക്കുന്ന ധ്യാനത്തിൽ പങ്കെടുത്താൽ മാത്രമേ സർട്ടിഫിക്കറ്റ് തരികയുള്ളൂ. ഇക്കാര്യം ഹെഡ്മാസ്റ്റർമാർ കുട്ടികളെ അറിയിക്കുമല്ലോ. ധ്യാനത്തിന് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം. **ഫോൺ. 9605667488**

*V. 28/2014* **വാർഷിക റിപ്പോർട്ട്, വിശ്വാസോത്സവം റിപ്പോർട്ട്**

വാർഷിക റിപ്പോർട്ട്, വിശ്വാസോത്സവം റിപ്പോർട്ട് എന്നിവ ഏപ്രിൽ 30-ന് മുമ്പായി ഓഫീസിൽ എത്തിക്കേണ്ടതാണ്.

*V. 29/2014* **ആദ്യകുർബാന പുസ്തകം**

ആദ്യ കുർബാനയ്ക്ക് ഒരുക്കത്തിനായുള്ള പുസ്തകം വിജ്ഞാനഭവനിൽനിന്നും ഇപ്പോൾ ലഭ്യമാണ്. ക്ലാസ് തുടങ്ങുമ്പോൾ ഈ പുസ്തകം പ്രയോജനപ്പെടുത്തണമെന്ന് ഓർമ്മപ്പെടുത്തുന്നു.



*V. 30/2014* **വിജ്ഞാനഭവൻ ബുക്ക് സ്റ്റാൾ**

കുർബാനപ്പുസ്തകം, പോക്കറ്റ് ബൈബിൾ, ആദ്യകുർബാന പ്പുസ്തകം, കൊന്ത, വെന്തിങ്ങ, സി.ഡി, ഗ്ലോബ്, കാസ, ഗിഫ്റ്റ് ഐറ്റംസ്, പ്രമുഖ പ്രസാധകരുടെ പുസ്തകങ്ങൾ എന്നിവ മിതമായ നിരക്കിൽ ലഭ്യമാണ്.

*Director*

---

## Corporate Educational Agency

*Edn.16 /2014*

2013 -14 സ്കൂൾ വർഷത്തിൽ അവാർഡിനർഹരായ അദ്ധ്യാപകരും അനദ്ധ്യാപകരും മികച്ച സ്കൂളുകളും :-

**Best Schools**

| | | |
|---|---|---|
| HSS | 1 | St. Mary's HSS, Kaliyar |
| HS | 1 | St. Sebastian's HS, Thodupuzha |
| | 2 | St. George's HS, Muthalakodam |
| UPS | 1 | St. Thomas UPS, Mailacomb |
| | 2 | St. Thomas UPS, Cheppukulam |
| LPS | 1 | St. Reetha's LPS, Mudakkirai |
| | 2 | Holy Family LPS, Karimannoor |

**Teaching and non-teaching staff award**

1 Smt. Celin C.J., H.M., SHHS, Ayavana
2 Sr. Ancilit SH (Chinnamma Abraham) H.M., SSUPS, Thodupuzha
3 Smt. Mercy Thomas LPSA, SJUPS, Kaloor
4 Smt. Rosily Kuriakose Lab Asst., SGHSS, Muthalakodam

*Edn. 17 /2014* **Competitive Examination 2013 -2014**

**(Catechism / Moral Science)**

**Catechism**

Std IV 1 Lincy Lenin LFLPS, Muvattupuzha
2 Anu Maria Sojan SHLPS, Ramalloor
3 Anna Maria Sojan SHLPS, Ramalloor

Std VII 1 Aleena Rose Gigi SHHS, Ayavana
2 Ajay P. Jose SHHS, Ayavana
3 Dona Benny Jai Rani EMHS, Thodupuzha

Std X 1 Sandra James SAGHSS, Muvattupuzha
2 Anisha George SMHS, Kodikulam
3 Aneena Iyppachan SLTHS, Vazhakulam

**Moral Science**

Std IV 1 Ashik Nassar Nirmala Junior School, Muvattupuzha
2 Nandana Biju Nirmala Junior School, Muvattupuzha
3 Archana T.R. SJLPS, Arakuzha

Std VII 1 Ammu Biju Vimala Public School, Vettimattam
2 Sabeena Jaffar SAGHSS, Muvattupuzha
3 Mariyam Shahira P.M. SHHS, Ayavana

Std X 1 Alfina Shaji Vimala Matha HS, Kadalikad
2 Sinu Joy SAGHSS, Muvattupuzha
3 Anandu Murali SMHS, Arakuzha

*Edn.18 /2014* **Best Schools for Catechism/ Moral Science**

Best HS for Catechism - St. Mary's HS Kodikulam
Best HS for Moral Science - SMHS, Arakuzha
Best UPS for Catechism/Moral science - SHHS, Ayavana
Best LPS for Catechism/Moral science - LF LPS, Muvattupuzha

*Edn.19 /2014* **യാത്രയയപ്പു സമ്മേളനവും അവാർഡു ദാനവും**

ദീർഘനാളത്തെ സേവനത്തിനുശേഷം ഈ വർഷം സർവീസിൽ നിന്നും വിരമിക്കുന്ന അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും ടീച്ചേഴ്സ് ഗിൽഡിന്റെ ആഭിമുഖ്യത്തിൽ സമുചിതമായ യാത്രയയപ്പുനൽകി. മാർച്ച് 24-ാം തീയതി മൂവാറ്റുപുഴ നെസ്റ്റിൽ നടന്ന സമ്മേളനത്തിൽവച്ച്



രൂപതയിലെ മികച്ച സ്കൂളുകൾക്കും അദ്ധ്യാപകർക്കുമുള്ള അവാർഡുകൾ അഭിവന്ദ്യ പിതാവ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ വിതരണം ചെയ്തു. രൂപതാതലത്തിൽ നടത്തിയ വേദപാഠം, സന്മാർഗപാഠം സ്കോളർഷിപ്പ് പരീക്ഷയിൽ വിജയികളായ കുട്ടികൾക്കും അഭിവന്ദ്യ പിതാവ് സമ്മാനങ്ങൾ നൽകി. നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ പിതാവിന് ആശംസകൾ നേർന്നുകൊണ്ട് മുതലക്കോടം SGHSS പ്രിൻസിപ്പൽ ശ്രീ. ജോർജ് കേളകം സംസാരിച്ചു. കോർപ്പറേറ്റ് എഡ്യൂക്കേഷൻ സെക്രട്ടറി റവ. ഫാ. കുര്യാക്കോസ് കൊടകല്ലിൽ, വികാരി ജനറാൾമാരായ മോൺ. ഫ്രാൻസിസ് ആലപ്പാട്ട്, മോൺ. ജോർജ് ഓലിയപ്പുറം എന്നിവരും ടീച്ചേഴ്സ് ഗിൽഡ് പ്രതിനിധികളും പ്രസ്തുതയോഗത്തിൽ പങ്കെടുത്തു.

*Secretary*

## ചെറുപുഷ്പമിഷൻലീഗ്

*CML12 /2014* **ചെറുസൂനം ക്വിസ്**

ഫെബ്രുവരി 9-10 തീയതികളിൽ ഇടവകതലത്തിൽ വച്ചു നടത്തിയ ചെറുസൂനം ക്വിസ് മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ! ചെറുസൂനം ക്വിസ് രൂപതാതല മത്സരം ഏപ്രിൽ 3-ാം തീയതി വ്യാഴാഴ്ച 2.00 □□ മുതൽ 4.00 □□ വരെ കാരക്കുന്നം സെന്റ് മേരീസ് പള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നു. മത്സരത്തിന് യോഗ്യത നേടിയവരുടെ പേരുവിവരങ്ങൾ അതാത് ശാഖാ ജോയിന്റ് ഡയറക്ടേഴ്സിനെ അറിയിച്ചിട്ടുണ്ട്.

ഇടവകതല ചെറുസൂനം ക്വിസ് മത്സരത്തിൽ ഏറ്റവും കൂടുതൽ കുട്ടികളെ പങ്കെടുപ്പിച്ച ശാഖ: വണ്ണപ്പുറം. ശാഖാ ഡയറക്ടറച്ചനും മോഡറേറ്റേഴ്സിനും അഭിനന്ദനങ്ങൾ!

*CML 13 /2014* **അവധിക്കാല ധ്യാനം**

ക്രിസ്റ്റീൻ അവധിക്കാല ധ്യാനപരിപാടികൾ മൂവാറ്റുപ്പുഴ നെസ്റ്റിൽ വച്ച് നടത്തപ്പെടുന്നു.

യു.പി. കുട്ടികൾക്കായുള്ള ധ്യാനം ഏപ്രിൽ 6-ന് 4.00 □□ മുതൽ 9-ന് 2.00 □□ വരെ

എച്ച്.എസ്, എച്ച്.എസ്.എസ്. കുട്ടികൾക്കായുള്ള ധ്യാനം ഏപ്രിൽ 9-ന് 4.00 □□ മുതൽ 12-ന് 2.00 □□ വരെ

ധ്യാനത്തിന്റെ ഫീസ് 600 രൂപയായിരിക്കും.

കുട്ടികളെ പറഞ്ഞയയ്ക്കുന്ന കാര്യം ഡയറക്ടറച്ചമാരും ആനിമേറ്റേഴ്സും ശ്രദ്ധിക്കുമല്ലോ.

*CML14/2014* **കയ്യെഴുത്തു മാസിക**

ശാഖാതലത്തിൽ തയ്യാറാക്കുന്ന കൈയെഴുത്തുമാസിക മെയ് 15-ന് മുമ്പായി മൂവാറ്റുപുഴ നെസ്റ്റിലെ മിഷൻലീഗ് ഓഫീസിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ.

*CML15/2014* **അൾത്താരബാലന്മാർക്കായുള്ള ധ്യാനം**

അൾത്താരബാലന്മാർക്കായുള്ള പ്രത്യേക പരിശീലന ക്ലാസും ധ്യാനവും മെയ് 4-ാം തീയതി 4.00 □□ മുതൽ 6-ാം തീയതി 2.00 □□ വരെ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തുന്നു. അൾത്താരശുശ്രൂഷികളുടെ പരിശീലനരംഗത്ത് പ്രാവീണ്യവും അനുഭവസമ്പത്തും നിറഞ്ഞ റവ. സി. മേരി വടക്കേൽ SH & ടീമാണ് ക്ലാസ്സുകൾ നയിക്കുന്നത്. നമ്മുടെ ഇടവകകളിൽ നിന്നുള്ള അൾത്താരബാലന്മാരെ ഈ പരിശീലനപരിപാടിയിൽ പങ്കെടുക്കുവാൻ പറഞ്ഞയയ്ക്കുന്നത് ഏറെ ഉപകാരപ്രദമായിരിക്കും. രജിസ്ട്രേഷൻ ഫീസ് 350/- രൂപയാണ്. രജിസ്ട്രേഷനായി വിളിക്കേണ്ട നമ്പർ 9605667488.

*Director*

## കെ.സി.എസ്.എൽ.

*KCSL 4/2014* **നേതൃത്വപരിശീലന ക്യാമ്പ്**

കെ.സി.എസ്.എൽ സംസ്ഥാന നേതൃത്വപരിശീലനക്യാമ്പ് 2014



ഏപ്രിൽ 28 മുതൽ മെയ് 1 വരെയാണ് സംഘടിപ്പിച്ചിട്ടുള്ളത്. വേദി കാഞ്ഞിരപ്പിള്ളി രൂപതയിലെ ആനിക്കാട് സെന്റ് ആന്റണീസ് പബ്ളിക് സ്കൂൾ. യു.പി, എച്ച്.എസ്, എച്ച്.എസ്.എസ് വിഭാഗങ്ങളിലുള്ള കുട്ടികൾക്ക് പങ്കെടുക്കാം. ക്യാമ്പ് ഫീസ് 400 രൂപ ആയിരിക്കും. പങ്കെടുക്കാൻ താല്പര്യപ്പെടുന്നവർ രൂപതാഓർഗനൈസർ സി. ആൽഫി എസ്.എ.ബി.എസ്.-മായി ബന്ധപ്പെടുക. ഫോൺ 8281896178

*Director*

## സോഷ്യൽ സർവീസ്

*SS. 14/2014* **ജീവൻജ്യോതി മെഡിക്കൽ ഇൻഷ്വറൻസ്**

കോതമംഗലം രൂപത സോഷ്യൽ സർവീസ് സൊസൈറ്റിയും ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി സഹകരിച്ച് നടപ്പിലാക്കുന്ന ജീവൻജ്യോതി മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി (2-ാം ഘട്ടം) യിൽ അംഗങ്ങളെ ചേർത്തുതുടങ്ങി. ഒരു പോളിസിക്ക് 30000 രൂപ സ്കീം ലഭിക്കുന്ന പദ്ധതിയാണിത്. വ്യക്തികൾക്കും കുടുംബങ്ങൾക്കും ഇതിൽ അംഗത്വമെടുക്കാം. പ്രീമിയം നിരക്കുകൾ താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | വ്യക്തി | 18 വയസ്സു മുതൽ 65 വയസ്സ് വരെ | 300/- |
| 2. | വ്യക്തി + പങ്കാളി + 3 കുട്ടികൾ | (21 വയസ്സിൽ താഴെ) | 450/- |
| 3. | വ്യക്തി + പങ്കാളി + അച്ഛൻ + 3 കുട്ടികൾ | (കുട്ടികൾ 21 വയസ്സിൽ താഴെ)<br>(ആശ്രിതർ 65 വയസ്സിൽ താഴെ) | 600/- |

ഈ സ്കീമിൽ അംഗമായി ചേരാൻ താല്പര്യമുള്ളവർ 2014 ഏപ്രിൽ 25-ന് മുമ്പായി പൂരിപ്പിച്ച ഫോമുകൾ KSSS ഓഫീസിൽ എത്തിക്കണം. അപേക്ഷഫോമുകൾ KSSS ഓഫീസിൽ നിന്നോ ഇടവക വികാരിമാരിൽനിന്നോ, ക്രെഡിറ്റ് യൂണിയൻ സെക്രട്ടറിമാ

രിൽനിന്നോ ലഭിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക.

KSSS office - 8281358142, Insurance-in-charge - 9656130647 (Febin Francis)

*SS. 15 /2014* **'ആശാകിരണം' കാൻസർ നിർമ്മാർജന യജ്ഞം**

കാരിത്താസ് ഇന്ത്യ രൂപത സോഷ്യൽ സർവീസ് സൊസൈറ്റിയുമായി സഹകരിച്ച് എറണാകുളം ജില്ലയിലെ 6 രൂപതകളിൽ നടപ്പിലാക്കുന്ന കാൻസർ നിർമ്മാർജന പ്രോഗ്രാമാണ് 'ആശാകിരണം.' ഈ പദ്ധതിവഴി കോതമംഗലം രൂപതയിൽ വിവിധ കർമ്മപരിപാടികൾ ആസൂത്രണം ചെയ്തുവരുന്നു.

ആശാകിരണം പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം എറണാകുളം ബസിലിക്കപള്ളിയിൽ നടന്ന യോഗത്തിൽ വച്ച് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി നിർവഹിച്ചു. പ്രസ്തുത സമ്മേളനത്തിൽ നമ്മുടെ രൂപതയിൽ നിന്നും 50 പ്രതിനിധികൾ പങ്കെടുത്തു.

ആശാകിരണം പദ്ധതിയുടെ ആദ്യപടിയെന്നനിലയിൽ നമ്മുടെ ഓശാന ഞായറാഴ്ചത്തെ നോമ്പുകാല സംഭാവന ഇതിനായി ഉപയോഗിക്കുന്നതാണ്. എല്ലാവരുടെയും സഹകരണം ഈ പദ്ധതിയുടെ വിജയത്തിനായി അഭ്യർത്ഥിക്കുന്നു.

2013 – 2014 വർഷത്തെ നോമ്പുകാലപിരിവ് ലഭിച്ച പള്ളികളുടെയും സ്ഥാപനങ്ങളുടെയും ലിസ്റ്റ് താഴെ ചേർക്കുന്നു.

| | | | | | |
|---|---|---|---|---|---|
| 1 | Alakode | 1000 | 11 | Cheenikuzhy | 1000 |
| 2 | Ambikapuram | 0 | 12 | Cheppukulam | 500 |
| 3 | Anchiry | 1000 | 13 | Chilavu | 2000 |
| 4 | Anicadu | 0 | 14 | Chittoor | 1500 |
| 5 | Arakuzha | 3500 | 15 | Enanalloor | 750 |
| 6 | Arikuzha | 3000 | 16 | Ezhalloor | 3000 |
| 7 | Ayavana | 0 | 17 | Inchoor | 2000 |
| 8 | Bethlehem | 0 | 18 | Inchathotty | 2000 |
| 9 | Cathedral | 15000 | 19 | Kadalikad | 3000 |
| 10 | Chalassery | 0 | 20 | Kadavoor | 0 |



| | | | | | |
|---|---|---|---|---|---|
| 21 | Kalayanthany | 3000 | 53 | Mundanmudy | 2000 |
| 22 | Kaliyar | 2000 | 54 | Muthalakodam | 15300 |
| 23 | Kallanickal | 2305 | 55 | Muttathupara | 0 |
| 24 | Kallelimedu | 0 | 56 | Muvattupuzha | 0 |
| 25 | Kalloorkad | 0 | 57 | Mylacombu | 0 |
| 26 | Kaloor | 4500 | 58 | Nadukani | 2000 |
| 27 | Karakunnam | 2000 | 59 | Nadukara | 1450 |
| 28 | Karimannoor | 2000 | 60 | Nakapuzha | 10000 |
| 29 | Kavakad | 1500 | 61 | Nediakad | 3000 |
| 30 | Keerampara | 1000 | 62 | Nediasala | 3000 |
| 31 | Kodikulam | 0 | 63 | Nedungapra | 2000 |
| 32 | Koduvely | 0 | 64 | Neendapara | 1000 |
| 33 | Kolady | 2000 | 65 | Nellikuzhy | 0 |
| 34 | Kottappady | 2000 | 66 | Nellimattam | 0 |
| 35 | Kuttampuzha | 2000 | 67 | Neriamangalam | 4000 |
| 36 | Kulappuram | 2500 | 68 | Neyyassery | 0 |
| 37 | Kuninji | 2000 | 69 | Nirmalamatha Muvattupuzha | 0 |
| 38 | Kuruppampady | 0 | 70 | Njarakad | 1500 |
| 39 | Kuthumkal | 0 | 71 | Njayappilly | 1500 |
| 40 | Malayinchi | 0 | 72 | Oonnukal | 0 |
| 41 | Malippara | 1000 | 73 | Paingottoor | 0 |
| 42 | Mamalakandam | 500 | 74 | Pallickamury | 0 |
| 43 | Mannoorkad | 0 | 75 | Pannimattam | 0 |
| 44 | Marady | 2500 | 76 | Parapuzha | 0 |
| 45 | Marika | 0 | 77 | Pareekanny | 0 |
| 46 | Mathirappilly | 500 | 78 | Pazhampillichal | 500 |
| 47 | Meenkunnam | 1200 | 79 | Peringuzha | 500 |
| 48 | Methotty | 0 | 80 | Peringassery | 0 |
| 49 | Mekkadambu | 500 | 81 | Perumannoor | 500 |
| 50 | Mudavoor | 500 | 82 | Perumballoor | 0 |
| 51 | Mulappuram | 0 | 83 | Perumballichira | 1500 |
| 52 | Mullaringad | 1000 | 84 | Ponnanthanam | 1000 |

| | | |
|---|---|---|
| 85 | Pooyamkutty | 0 |
| 86 | Pothanikad | 1500 |
| 87 | Puliyanpara | 0 |
| 88 | Punnamattam | 1000 |
| 89 | Purapuzha | 2000 |
| 90 | Randar | 0 |
| 91 | Thalayanad | 3100 |
| 92 | Thattkuzha | 0 |
| 93 | Thazhuvumkunnu | 4000 |
| 94 | Thennathoor | 500 |
| 95 | Thodupuzha East | 0 |
| 96 | Thodupuzha Town | 12500 |
| 97 | Thommankuth | 3500 |
| 98 | Thottakara | 0 |
| 99 | Thrikariyoor | 0 |
| 100 | Udumpannoor | 0 |
| 101 | Uppukunnu | 0 |
| 102 | Urulanthanny | 0 |
| 103 | Vadakode | 1450 |
| 104 | Vadattupara | 1000 |
| 105 | Vandamattam | 0 |
| 106 | Vannappuram | 1000 |
| 107 | Vazhakala | 0 |
| 108 | Vazhakulam | 12160 |
| 109 | Vazhapilly East | 2000 |
| 110 | Veliechal | 1500 |
| 111 | Vellallu | 0 |
| 112 | Vettimattam | 2500 |
| | Total | **176215** |

**Convents & Other Places**

| | | |
|---|---|---|
| 1 | Leelamma | 7000 |
| 2 | M.S.J. Karimannoor | 1500 |
| 3 | C.S.N.Provincial House Ramalloor | 3000 |
| 4 | Jyothy Nivas Thodupuzha | 1000 |
| 5 | SD Convent Perumannoor | 300 |
| 6 | SD Convent Ambikapuram | 300 |
| 7 | M.S.J. Generalate Kozhipilly | 2000 |
| 8 | Sisters of Nazarath Vadakodu | 250 |
| 9 | CMC Provincial House Kozhipilly | 40000 |
| 10 | MSJ Convent Mamalakandam | 500 |
| 11 | MSJ SH Convent Kothamangalam | 5000 |
| 12 | MSJ Convent Pothanikadu | 1000 |
| 13 | MSJ Provincial House Thankalam | 5000 |
| 14 | MSJ Convent Vazhakulam | 1000 |
| 15 | CSN Ayiroopadam | 750 |
| 16 | CSN Convent Kolady | 300 |
| 17 | Sobana Kothamangalam | 2500 |
| 18 | SH Provincial House Kothamangalam | 55850 |
| 19 | FCC Nirmalabhavan Muvattupuzha | 100000 |
| 20 | SABS Nirmalabhavan Thodupuzha | 60000 |
| | Total | **287250** |



### *SS. 16 /2014* KLM മരണാനന്തര ആനുകൂല്യം ലഭിച്ചു

കോതമംഗലം രൂപത സോഷ്യൽ സർവീസസ് വഴി കെ.എൽ. എം. അംഗമായിരുന്ന നാടുകാണി പള്ളിയിലെ ശുശ്രൂഷി വലിയപറമ്പിൽ ആന്റണിയുടെ മരണാനന്തരം കെ.എൽ.എം. നിന്ന് ലഭിക്കേണ്ടതായ മരണാനന്തര ആനുകൂല്യം 40000 രൂപ പരേതന്റെ കുടുംബത്തിന് ലഭിക്കുകയുണ്ടായി.

*Director*

## യുവദീപ്തി

### *YD 1 /2014* 2014 പ്രവർത്തന വർഷത്തെ ഭാരവാഹികൾ

2014 പ്രവർത്തന വർഷത്തേക്കുള്ള പുതിയ ഭാരവാഹികൾ

ഡയറക്ടർ : ഫാ. പോൾ കാരക്കൊമ്പിൽ
ആനിമേറ്റർ : സി. കാരുണ്യ സി.എം.സി.
പ്രസിഡന്റ് : ശ്രീ. ആൽബിൻ ജോസ് കൊച്ചുവെമ്പിള്ളിൽ, ഉടുമ്പന്നൂർ
ജന. സെക്രട്ടറി : ശ്രീ. സത്യരാജ് ആന്റണി, കാരക്കുന്നം
വൈ. പ്രസിഡന്റുമാർ: ശ്രീ. ടോം സി. ജോൺ ചക്കാലക്കുന്നേൽ, വാഴക്കുളം
കുമാരി മെറിൻ മാനുവൽ കൊല്ലിക്കുടിയിൽ, അരിക്കുഴ

സെക്രട്ടറിമാർ : ശ്രീ. ഫെബിൻ ഫ്രാൻസീസ് കട്ടയ്ക്കൽ, വാഴക്കുളം
: ശ്രീ. ബോണി എം. പാലയ്ക്കൽ
: കുമാരി അനീഷാ ജോണി ഞാറയ്ക്കാട്ട്, വാഴക്കുളം
: കുമാരി അഞ്ചനി തോമസ്, കാരക്കുന്നം
ട്രഷറർ : ശ്രീ. ജോസ് സെബാസ്റ്റ്യൻ, കാളിയാർ
സംസ്ഥാനസെനറ്റ് അംഗങ്ങൾ : ശ്രീ. ജോർജുകുട്ടി
: ശ്രീ. ജോമി എം. ജോസ്
: കുമാരി റോസ്മേരി പോൾ
: കുമാരി അഭിനാമേരി സാജു
സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങൾ : ശ്രീ. ആന്റോ ആന്റണി
: കുമാരി ദിവ്യാ ഫ്രാൻസീസ്

*YD 2 /2014* **അഭിനന്ദനങ്ങൾ**

KCYM സംസ്ഥാന സമിതിയിലേക്ക് സെക്രട്ടറി ആയി തിരഞ്ഞെടുക്കപ്പെട്ട മുൻരൂപതാ ജനറൽ സെക്രട്ടറി ശ്രീ. ആന്റോ ആന്റണിക്ക് KCYM കോതമംഗലം രൂപതാസമിതിയുടെ എല്ലാവിധ ആശംസകളും പ്രാർത്ഥനകളും.

*YD 3 /2014* **പ്രവർത്തനവർഷഉദ്ഘാടനവും മാർഗ്ഗരേഖ പ്രകാശനവും**

KCYM 2014 പ്രവർത്തന വർഷ ഉദ്ഘാടനവും മാർഗ്ഗരേഖപ്രകാശനവും മാർച്ച് 2-ന് NESTT പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. KCYM സംസ്ഥാന ഡയറക്ടർ പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്യുകയും KCYM സംസ്ഥാന പ്രസിഡന്റ് മാർഗരേഖ പ്രകാശനം ചെയ്യുകയും ചെയ്തു. തദവസരത്തിൽ KCYM മുൻരൂപതാഡയറക്ടറും, വിവിധ ഫൊറോന ഡയറക്ടർമാരും, മുൻകാല KCYM ഭാരവാഹികളും, KCYM സംസ്ഥാന ഭാരവാഹികളും പങ്കുചേർന്നു. എല്ലാ ഫൊറോനകളിലും നിന്നും പങ്കെടുത്ത KCYM പ്രവർത്തകർക്ക് സ്നേഹം നിറഞ്ഞ നന്ദി അറിയിക്കുന്നു.

*YD 4 /2014* **KCYM യൂണിറ്റ് സന്ദർശനം**

ഈ വർഷത്തെ പ്രധാന പ്രവർത്തനങ്ങളിൽ ഒന്നായ KCYM രൂപതാ ഭാരവാഹികളുടെ യൂണിറ്റ് സന്ദർശനം കരിമണ്ണൂർ ഫൊറോനയിൽ ആരംഭിക്കുകയും ചിലവ്, ഉടുമ്പന്നൂർ, ചെപ്പുകുളം, ചീനിക്കുഴി, മലയിഞ്ചി, പെരിങ്ങാശ്ശേരി, ഉപ്പുകുന്ന്, നെയ്യശ്ശേരി, കരിമണ്ണൂർ, മുളപ്പുറം, പള്ളിക്കാമുറി എന്നീ യൂണിറ്റുകൾ സന്ദർശിക്കുകയുമുണ്ടായി. യൂണിറ്റുകളുമായിട്ടുള്ള രൂപതയുടെ ബന്ധം വർദ്ധിപ്പിക്കുന്നതിന് ഇത് വളരെയധികം സഹായിക്കുന്നു. തുടർന്നുള്ള ദിവസങ്ങളിൽ എല്ലാ യൂണിറ്റുകളിലും സൗഹൃദസന്ദർശനം നടത്തുവാൻ KCYM രൂപതാ ഭാരവാഹികൾ എത്തിച്ചേരുന്നതാണ്.



*YD 5 /2014* **സ്നേഹിത –2014**

മാർച്ച് 23-ന് NESTT പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന സ്നേഹിത-2014 വളരെ മനോഹരമായി. കോതമംഗലം രൂപതയിലുള്ള എല്ലാ യുവതികൾക്കുമായി ഒരുക്കിയതായിരുന്നു സ്നേഹിത-2014. സ്ത്രീകൾക്കു നേരെ നടന്നുവരുന്ന അക്രമങ്ങൾക്ക് എതിരെ പോരാടാനുള്ള അറിവും, കഴിവും നേടിക്കൊടുക്കുക എന്ന ലക്ഷ്യത്തോടെ നടന്ന സ്നേഹിത 2014 ഒരു വിജയമാക്കി മാറ്റിയ എല്ലാ സ്നേഹിതകൾക്കും ആശംസകൾ.

*YD 6 /2014* **കുടുംബസംഗമം**

ഈ വരുന്ന ഏപ്രിൽ 12-ന് KCYM മുൻകാല ഭാരവാഹികളുടെ കുടുംബസംഗമം NESTT പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്.

*YD 7 /2014* **ജീവിത ദർശൻ – 2014**

ഏപ്രിൽ 25-ാം തീയതി വൈകിട്ടു 4.00 മണി മുതൽ 28-ാം തീയതി രാവിലെ വരെ NESTT പാസ്റ്ററൽ സെന്ററിൽ വച്ച് +2 കുട്ടികൾക്കായുള്ള ധ്യാനം ജീവിതദർശൻ -2014 KCYM രൂപതാസമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നതാണ്.

*YD 8 /2014* **KCYM യൂണിറ്റു സന്ദർശനം**

ഈ വരുന്ന ആഴ്ചകളിൽ KCYM രൂപതാസമിതി ആരക്കുഴ ഫൊറോനസമിതയോടു ചേർന്നു ആരക്കുഴ ഫൊറോനയിലെ എല്ലാ യൂണിറ്റുകളും സന്ദർശിക്കുന്നതാണ്.

*Director*

## ജീസസ് യൂത്ത്

*JY 6 /2014* **നൈറ്റ് വിജിൽ**

ഈ മാസത്തെ നൈറ്റ് വിജിൽ ഏപ്രിൽ 5-ാം തീയതി ശനിയാഴ്ച യായിരിക്കും.

*JY 7 /2014* **24 മണിക്കൂർ ആരാധന**

നോമ്പുകാല ആചരണത്തോട് അനുബന്ധിച്ച് ജീസസ്സ് യൂത്ത് കോതമംഗലം സോണിന്റെ ആഭിമുഖ്യത്തിൽ 24 മണിക്കൂർ ആരാധന മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തി. മാർച്ച് 14-ാം തീയതി വെള്ളി യാഴ്ച രാവിലെ 9.00 am-ന് തുടങ്ങി 15-ാം തീയതി ശനിയാഴ്ച രാവിലെ 9.00 am -ന് സമാപിച്ചു

*Director*

## ഫാമിലി അപ്പോസ്റ്റലേറ്റ്

*FA .11 /2014*

2014 ഏപ്രിൽ 23 ബുധനാഴ്ച രൂപതാ പാസ്റ്ററൽ സെന്റർ നെസ്റ്റിൽ വച്ച് മദ്ധ്യസ്ഥപ്രാർത്ഥനയും ഫാമിലി കൗൺസലിംഗും നടത്തുന്നു.

*FA .12 /2014* **യുവദമ്പതീധ്യാനം**

ഫാമിലി അപ്പോസ്റ്റലേറ്റിന്റേയും ജീസസ് യൂത്തിന്റെയും ആഭി മുഖ്യത്തിൽ യുവദമ്പതികൾക്കായി ഒരു ധ്യാനം മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തുന്നു. മെയ് 23 മുതൽ 26 വരെ ആണ് ധ്യാനം. വിവാഹം കഴിഞ്ഞ് 10 വർഷം വരെയായ ദമ്പതികളെയാണ് പ്രതീക്ഷിക്കുന്നത്. കുട്ടികളെയും കൊണ്ടുവരാം.

*Director*



## ഓൾ കേരള കാത്തലിക് കോൺഗ്രസ് (AKCC)

*AKCC 8/2014* **നവവൈദികർക്ക് സ്വീകരണം നൽകി**

കത്തോലിക്കാ കോൺഗ്രസ് കോതമംഗലം രൂപതയുടെ ആഭി മുഖ്യത്തിൽ രൂപതയിലെ നവവൈദികർക്ക് കോതമംഗലം സെന്റ് ജോർജ് കത്തീഡ്രലിൽ വച്ച് സ്വീകരണം നൽകി. നവവൈദികർ '9' പേർ ചേർന്ന് സമൂഹബലിയർപ്പിച്ചു. കത്തീഡ്രൽ വികാരി റവ. ഡോ. തോമസ് പെരിയപ്പുറത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം കത്തോലിക്കാ കോൺഗ്രസ് രൂപത ഡയറക്ടർ റവ. ഡോ. ജോർജ് ഓലിയപ്പുറം ഉദ്ഘാടനം ചെയ്തു. വിവിധ ഫൊറോന പ്രസിഡന്റു മാർ മെമന്റോ നൽകി നവവൈദികരെ ആദരിച്ചു. അഡ്വ. ബിജു പറയ ന്നിലം, അഡ്വ. ജോസ് ഇലഞ്ഞിക്കൽ, ശ്രീ. ബിനു മണ്ണൂർ, ശ്രീ. ഐപ്പ ച്ചൻ തടിക്കാട്ട്, അഡ്വ. വി. യു. ചാക്കോ, ശ്രീ. ബേബിച്ചൻ നിധീരി ക്കൽ, ശ്രീ. കെന്നഡി പീറ്റർ, ശ്രീ. പയസ് തെക്കേക്കുന്നേൽ, ഡെയ്സി ലൂക്കോസ് എന്നിവർ ആശംസകൾ അർപ്പിച്ചു.

*Director*

## പ്രാർത്ഥനാഗ്രൂപ്പ്

*PG 7 /2014* **പരിശീലന കോഴ്സ് നടത്തി**

വചനപ്രഘോഷകർക്കും കൗൺസലർമാർക്കും വേണ്ടി 2014 ഫെബ്രുവരി 21, 22 തീയതികളിൽ കാരക്കുന്നം സെന്റ് മേരീസ് ഓഡി റ്റോറിയത്തിൽ വച്ച് പരിശീലന പരിപാടി നടത്തി. റവ. ഫാ. ജോസഫ് എടാട്ട് VC ക്ലാസ്സുകൾ നയിച്ചു. 165 പേർ പങ്കെടുത്തു. പ്രാർത്ഥനാ ഗ്രൂപ്പ് ഡയറക്ടർ റവ. ഡോ. തോമസ് ജെ. പറയിടം, കോ ഓർഡിനേ റ്റർ ശ്രീ. ആന്റണി പി.ആർ., ശ്രീ. രാജേഷ് പിട്ടാപ്പിള്ളിൽ എന്നിവർ നേതൃത്വം നൽകി.

*PG 8 /2014* **കൊയ്നോണിയ 2014**

പ്രാർത്ഥനാഗ്രൂപ്പ് സബ്സോൺ, ഇടവക തലങ്ങളിൽ നേതൃത്വത്തിൽ ഉള്ളവർക്കുവേണ്ടി എട്ട് കേന്ദ്രങ്ങളിൽ വച്ച് കൊയ്നോണിയ 2014 എന്ന പേരിൽ KST യുടെ ആഭിമുഖ്യത്തിൽ പരിശീലന പരിപാടി നടത്തി. 600 പേർ പങ്കെടുത്തു.

*PG 9 /2014* **സോണൽ കൂട്ടായ്മ**

2014 ഏപ്രിൽ 12 ശനിയാഴ്ച കാരക്കുന്നം സെന്റ് മേരീസ് പള്ളി ഓഡിറ്റോറിയത്തിൽ വച്ച് പ്രാർത്ഥനാഗ്രൂപ്പുകളുടെ ലീഡേഴ്സ്, കോർ ടീം അംഗങ്ങൾ, സോൺ, സബ്-സോൺ സർവീസ് ടീം, വിവിധ മിനിസ്ട്രികളുടെ സർവീസ് ടീം, വചനപ്രഘോഷകർ, കൗൺസലേഴ്സ് എന്നിവരുടെ സംയുക്ത സമ്മേളനം നടത്തുന്നതാണ്. രാവിലെ 9.00 -ന് രജിസ്ട്രേഷൻ ആരംഭിക്കും. ഐഡന്റിറ്റി കാർഡുകൾ അന്ന് വിതരണം ചെയ്യുന്നതാണ്.

*Director*

---

## മാതൃദീപ്തി

*MD 10 /2014* **യൂണിറ്റ്, ഫൊറോന മത്സരങ്ങളും വാർഷികങ്ങളും**

അറിയിച്ചിട്ടുള്ളതനുസരിച്ച് ഏപ്രിൽ മാസത്തിൽ യൂണിറ്റ്, ഫൊറോന തല മത്സരങ്ങൾ, വാർഷികങ്ങൾ ഇവ അതാത് യൂണിറ്റുകളിലും, ഫൊറോനകളിലും നടത്തുന്നു.

*MD.11 /2014* **രൂപതാ എക്സിക്യൂട്ടീവ് യോഗം**

2014 ഏപ്രിൽ 29-ാം തീയതി ചൊവ്വാഴ്ച 10 മണിക്ക് രൂപതാ പാസ്റ്ററൽ സെന്റർ നെസ്റ്റിൽ വച്ച് മാതൃദീപ്തി രൂപതാ എക്സിക്യൂട്ടീവ് യോഗം ചേരുന്നു.

---



*MD.12 /2014* **അറിയിപ്പുകൾ**

2014 ഏപ്രിൽ 7 തിങ്കളാഴ്ച മാതൃദീപ്തി കോതമംഗലം ഫൊറോന വാർഷികം നടത്തപ്പെടുന്നു. 2014 ഏപ്രിൽ 9 ബുധനാഴ്ച മാതൃദീപ്തി കാളിയാർ ഫൊറോന വാർഷികം നടത്തപ്പെടുന്നു.

*Director*

---

## സിംഗിൾസ് അപ്പോസ്റ്റലേറ്റ്

*SA . 5 /2014*

2014 ഏപ്രിൽ 14-ാം തീയതി തിങ്കളാഴ്ച രൂപതാ പാസ്റ്ററൽ സെന്റർ 'നെസ്റ്റിൽ' വച്ച് മരിയൻ സിംഗിൾസ് കൂട്ടായ്മ ചേരുന്നു.

*Director*

---

## NESTT Programme

**Ph. 0485 - 2830033**

| | | |
|---|---|---|
| April | 2 - 4 | - വിവാഹ ഒരുക്കസെമിനാർ |
| " | 6 - 9 | - ഹൈസ്കൂൾ കുട്ടികൾക്കായുള്ള ധ്യാനം |
| " | 9 - 12 | - [illegible] ക്ലാസ്സുകളിലെ കുട്ടികൾക്കായുള്ള ധ്യാനം |
| " | 22 | - Feast Gathering |
| " | 23 - 25 | - വിവാഹ ഒരുക്ക സെമിനാർ |
| " | 25 - 27 | - +2 കുട്ടികൾക്കായുള്ള ധ്യാനം |
| " | 27 - May 1 | - ആന്തരികസൗഖ്യ ധ്യാനം |

*Director*

---

## [illegible]

| | | | |
|---|---|---|---|
| Rev. Fr. | Peringarappillil Sotter | **April** | 22 |
| " | Chemparathy George | " | 24 |
| " | Chettoor George | " | 24 |
| " | Kadukummackal George | " | 24 |

| | | | |
|---|---|---|---|
| Rev. Fr. | Kanjirakombil George | " | 24 |
| " | Kapiarumala George | " | 24 |
| " | Karakunnel George | " | 24 |
| " | Kariamadam George | " | 24 |
| " | Kunnamkott George | " | 24 |
| " | Kurisummoottil George | " | 24 |
| " | Kurukkoor George | " | 24 |
| " | Mandapathil Varkey | " | 24 |
| " | Mulanjanany George | " | 24 |
| " | Mundackal George | " | 24 |
| " | Nedumkallel George | " | 24 |
| " | Nirappath George | " | 24 |
| Rev. Mgr. | Oliapuram George (Jr.) | " | 24 |
| Rev. Fr. | Oliapuram George (Sr.) | " | 24 |
| " | Pallikunnel George | " | 24 |
| " | Parankimyalil George | " | 24 |
| " | Pottackal George | " | 24 |
| " | Pullan George | " | 24 |
| " | Pulpra George | " | 24 |
| " | Thachil George | " | 24 |
| " | Thadikkatt George | " | 24 |
| " | Thanathuparambil George | " | 24 |
| " | Thekkeattath George | " | 24 |
| " | Thekkekara George | " | 24 |
| " | Vadakel George | " | 24 |
| " | Vallomkunnel George | " | 24 |
| " | Vandanakara George | " | 24 |

## വാർത്തയും വിശേഷങ്ങളും

### സീറോ മലബാർ ലിറ്റർജിക്കൽ റിസർച്ച് സെന്റർ ഗവേഷണ സെമിനാർ മൗണ്ട് സെന്റ് തോമസിൽ ഏപ്രിൽ 7 മുതൽ

കൊച്ചി : സീറോ മലബാർ സഭ ലിറ്റർജിക്കൽ റിസർച്ച് സെന്ററിന്റെ (എൽആർസി) ആഭിമുഖ്യത്തിൽ 49-ാമതു ഗവേഷണ സെമിനാർ ഏപ്രിൽ 7, 8, 9 തീയതികളിൽ സഭ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടക്കും. സഭയിലെ വിശുദ്ധ കുർബാനയിൽ നിലവിലുള്ള അനാഫൊറ പ്രാർത്ഥനകൾക്കു പുറമെ പുതിയ



അനാഫൊറകളുടെ ആവശ്യകതയും, സാധ്യതകളും എന്നീ വിഷയങ്ങളെ ആസ്പദമാക്കിയാണ് സെമിനാർ.

7-ാം തീയതി വൈകുന്നേരം 5 മണിക്ക് എൽആർസി ചെയർമാനും ഇരിഞ്ഞാലക്കുട രൂപതാദ്ധ്യക്ഷനുമായ ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ സെമിനാർ ഉദ്ഘാടനം ചെയ്യും.

സെമിനാറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും 0484 - 2425727, 9497324768 എന്നീ നമ്പറുകളിലോ Email : lrcsyromalabar@gmail.com എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടണമെന്നു എൽആർസി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഡോ. പീറ്റർ കണ്ണമ്പുഴ അറിയിച്ചു.

## രൂപതാദ്ധ്യക്ഷന്റെ ഡയറി

**ഫെബ്രുവരി**

16 • ഉടുമ്പന്നൂർ ഇടവകയിൽ ഇടവകസന്ദർശനം നടത്തി.

17 • മൂവാറ്റുപുഴ NESTT ൽ വച്ച്, ജീവമിൽക്ക് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഏർപ്പെടുത്തിയ സ്കോളർഷിപ്പ് അഭിവന്ദ്യ പിതാവ് 101 വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു.

18 • കോതമംഗലം MSJ St. Joseph's Convent ൽ ദിവ്യബലി അർപ്പിച്ചു.

• കോതമംഗലത്ത് വച്ച് KLM Foundation നടത്തിയ Special School കലാമേള ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

19 • പോത്താനിക്കാട് MSJ Convent-ൽ ദിവ്യബലി അർപ്പിച്ചു.

20 • മുതലക്കോടം Holy Family Nursing School-ൽ നടന്ന Lamp lighting ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

22 • തഴുവൻകുന്ന് ഇടവകാംഗങ്ങളായ കപ്യാരുമലയിൽ ബഹു. ജോർജ്, കപ്യാരുമലയിൽ ബഹു. തോമസ് എന്നീ അച്ചന്മാരുടെ ജൂബിലിയോടനുബന്ധിച്ച് അഭിവന്ദ്യ പിതാവ് ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

23 • കാരക്കുന്നം ഇടവകയിൽ ഇടവക സന്ദർശനം നടത്തി.

24 • കരിമണ്ണൂർ ഇടവകാംഗവും തിരുഹൃദയസന്യാസിനീസമൂഹാംഗവുമായ റവ. സി. സീലിയ പറയന്നിലത്തിന്റെ മൃതദേഹത്തി

നരികെ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

25 • തൃക്കൊടിത്താനം പള്ളിയിൽ ദിവ്യബലിയർപ്പിച്ചു.
- കുന്നന്താനം LSDP Provindence Home സന്ദർശിച്ചു.
- മൈനർ സെമിനാരിയിൽ സെന്റ് ജോസഫ്സ് ഡേയോടനുബന്ധിച്ച് നടന്ന പരിപാടിയിൽ സംബന്ധിച്ചു.

26 • കോട്ടപ്പടി സെന്റ് ജോൺസ് സ്പെഷ്യൽ സ്കൂളിന്റെ പത്താമത് വാർഷികത്തോടനുബന്ധിച്ച് നടത്തിയ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു.
- കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന, അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ (അപ്പസ്തോലിക് വിസിറ്റർ) പിതാവിന്റെ സ്ഥാനാരോഹണചടങ്ങിൽ സംബന്ധിച്ചു. തുടർന്ന് മെൽബൺ രൂപതയുടെ അദ്ധ്യക്ഷനായി നിയമിതനായ മാർ ബോസ്കോ പുത്തൂർ പിതാവിന് നൽകിയ യാത്രയയപ്പ് യോഗത്തിലും സംബന്ധിച്ചു.

27 • ബസ്ലേഹം ഇടവകാംഗവും കർമ്മലീത്ത സന്യാസിനീസമൂഹാംഗവുമായ റവ. സി. ക്ലീറ്റസ് വടക്കുംപാടത്തിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് വാഴക്കുളം മഠത്തിൽ, കാർമ്മികത്വം വഹിച്ചു.
- വാഴക്കുളം CMI ആശ്രമത്തോടനുബന്ധിച്ച് നടത്തിയ ബൈബിൾ കൺവെൻഷനിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

28 • കോടിക്കുളം ഇടവകയിൽ പുതുക്കി നിർമ്മിച്ച മദ്ബഹ വെഞ്ചരിക്കുകയും ബലിപീഠം റൂശ്മചെയ്ത് ദിവ്യബലിയർപ്പിക്കുകയും ചെയ്തു.

**മാർച്ച്**

1 • മുവാറ്റുപുഴ പള്ളിയിൽ വച്ച് നടത്തിയ, ബഹു. മാത്യു പൂനാട്ടച്ചന്റെ പൗരോഹിത്യ ജൂബിലിക്ക് ആശംസകൾ അർപ്പിച്ച് സംസാരിച്ചു.
- ആയവന ഇടവകയോടനുബന്ധിച്ച് പുതുതായി നിർമ്മിച്ച സ്കൂൾമന്ദിരം വെഞ്ചരിച്ച് ആശീർവദിക്കുകയും തുടർന്ന് നടത്തിയ പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.



2 • അഞ്ചിരി ഇടവകയിൽ ഇടവകസന്ദർശനം നടത്തി.

3 • വിഭൂതിയോടനുബന്ധിച്ച് കത്തീഡ്രലിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.
- തൊടുപുഴ ന്യൂമാൻ കോളേജിൽ Founder's Day യോടനുബന്ധിച്ച് നടത്തിയ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

5 • രൂപതയിലുള്ള സന്യാസസമൂഹങ്ങളിലെ പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സിന്റെ യോഗം അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ രൂപതാകേന്ദ്രത്തിൽ വച്ച് നടത്തി.

6 • കോതമംഗലം CSN Provincial House -ൽ ദിവ്യബലിയർപ്പിച്ചു.
- കാക്കനാട് വച്ച് നടന്ന സീറോമലബാർ മെത്രാന്മാരുടെ പ്രത്യേക യോഗത്തിൽ സംബന്ധിച്ചു.

8 • ഊന്നുകൽ ഫൊറോനയുടെ നേതൃത്വത്തിൽ നടത്തിയ ഫാമിലി അപ്പോസ്റ്റലേറ്റിന്റെ വാർഷികസംഗമത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി.
- കദളിക്കാട് ഇടവകയിൽ നടത്തിയ ഏകദിന ബൈബിൾ കൺവെൻഷന് സമാപനസന്ദേശം നൽകി.

9 • നെല്ലിക്കുഴി ഇടവകയിൽ ഇടവകസന്ദർശനം നടത്തി.
- ഊന്നുകൽ സ്നേഹഗിരി സന്യാസിനീ സമൂഹത്തിന്റെ പ്രൊവിൻഷ്യൽ ഹൗസിൽ ദിവ്യബലിയർപ്പിച്ചു.

## Bishop's Engagements

**APRIL 2014**

| | | | | |
|---|---|---|---|---|
| 1 | Tue | Engaged | | |
| 2 | Wed | Holy Mass | Koduvely | 9.00 am |
| 4 | Fri | Visitors' Day | | |
| 7 | Mon | Meeting | Cathedral | 10.00 am |
| 8 | Tue | Meeting | Kanjirappilly | 10.00 am |
| 9 | Wed | Holy Mass | Malayattoor | 5.30 pm |
| 10 | Thu | Holy Mass | Cathedral | 10.00 am |
| 11 | Fri | Visitors' Day | | |

| | | | | |
|---|---|---|---|---|
| 12 | Sat | Holy Mass | MSJ Convent (Kothamangalam) | 6.15 am |
| | | Meeting | NESTT | 10.30 am |
| 14 | Mon | Holy Mass | Trichur | 10.00 am |
| 15-20 | Tue-Sun | Engaged | | |
| 21 | Mon | Holy Mass | Muthalakodam | 7.00 am |
| 22 | Tue | Priests' Gathering | NESTT | 10.00 am |
| 24 | Thu | Visitors' Day | | |
| 25 | Fri | Holy Mass | Rajakumari | 3.00 pm |
| 26 | Sat | HolyMass | Aluva | 2.30 pm |
| 27 | Sun | Holy Mass | Arakuzha | 10.00 am |
| 28 | Mon | Vestition (SABS) | Thodupuzha | 10.30 am |
| 29 | Tue | Presbyteral Council | Bishop's House | 10.00 am |
| 30 | Wed | Vestition (SH) | Cathedral | 10.00 am |

## നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. പോൾ മാളിയേക്കൽ | ചരമദിനം | 03-05-1988 |
| ഫാ. ചെറിയാൻ പുളിക്കൽ | ” | 04-05-1973 |
| ഫാ. പോൾ കുഴിക്കാട്ട് | ” | 05-05-1976 |
| ഫാ. ജോസഫ് നമ്പ്യാപറമ്പിൽ | ” | 06-05-1989 |
| ഫാ. മാത്യു കാക്കനാട്ട് (□□.) | ” | 07-05-2006 |
| ഫാ. ജോസഫ് താഴത്തുവീട്ടിൽ | ” | 08-05-1977 |
| ഫാ. അഗസ്റ്റിൻ വട്ടക്കുഴി | ” | 08-05-1995 |
| ഫാ. വറുഗീസ് ചേറ്റൂർ | ” | 10-05-1959 |
| ഫാ. ജോർജ് മോനിപ്പിള്ളി | ” | 12-05-2005 |
| ഫാ. ജോർജ് കാരക്കുന്നേൽ | ” | 14-05-1986 |
| ഫാ. മാത്യു ഏനാനിക്കൽ | ” | 15-05-1980 |
| ഫാ. ജേക്കബ് തേവർപാടം (□□.) | ” | 17-05-1985 |
| ഫാ. ജേക്കബ് വട്ടയ്ക്കാട്ട് | ” | 22-05-1999 |
| ഫാ. ജോസഫ് കൊച്ചുപറമ്പിൽ | ” | 25-05-2005 |
| ഫാ. പോൾ കാക്കനാട്ട് (□□.) | ” | 27-05-1963 |
| ഫാ. ജോൺ മാതേയ്ക്കൽ | ” | 31-05-1995 |



# നിര്യാതരായി

## സി. സീലിയ SH (പറയന്നിലം)

| | | |
|---|---|---|
| ഇടവക | : | കരിമണ്ണൂർ |
| ജനനം | : | 19-06-1942 |
| ആദ്യവ്രതം | : | 02-05-1963 |
| നിത്യവ്രതം | : | 02-05-1968 |
| മരണം | : | 24-02-2014 |
| മൃതസംസ്കാരം | : | 25-02-2014 (മൈലക്കൊമ്പ്) |

## സി. ക്ലീറ്റസ് CMC (വടക്കുംപാടത്ത്)

| | | |
|---|---|---|
| ഇടവക | : | ബെത്സ്ലഹം |
| ജനനം | : | 23-05-1924 |
| ആദ്യവ്രതം | : | 08-02-1949 |
| നിത്യവ്രതം | : | 01 -01-1955 |
| മരണം | : | 26- 02-2014 |
| മൃതസംസ്കാരം | : | 27-02-2014 (വാഴക്കുളം മഠം) |

## സി. അലീസിയ മാതേയ്ക്കൽ SABS

| | | |
|---|---|---|
| ഇടവക | : | ആരക്കുഴ |
| ജനനം | : | 23-10-1935 |
| ആദ്യവ്രതം | : | 29-06-1959 |
| നിത്യവ്രതം | : | 17 -10-1962 |
| മരണം | : | 20-03-2014 |
| മൃതസംസ്കാരം | : | 21-03-2014 (മാറിക) |